**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷികഫാമുകൾ ശക്തിപ്പെടുത്തി നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷികഫാമുകൾ ശക്തിപ്പെടുത്തി കർഷകർക്കാവശ്യമായ വിത്ത് ഉൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടിയുണ്ടാകുമോ; മണ്ണ് പരിശോധനയും വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയും അതത് ഫാമുകളിൽ നടത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കാമോ? | (എ) | കൃഷിവകുപ്പ് ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ മണ്ണ് പരിശോധനയും വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയും അതത് ഫാമുകളിൽ നടത്താൻ സാധിക്കുമോ എന്ന വിഷയം പരിശോധിക്കുന്നതാണ്. നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം

| പദ്ധതികൾ | ശീർഷകം | ഇനം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും | 2401-00-104-91 | നെൽവിത്ത് ഉത്പാദനം | 200 |
| | | ഹൈടെക് യൂണിറ്റുകളിലൂടെ വിത്ത് ഉത്പാദനം | 47 |
| | | മാതൃസസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനവും | 58 |
| | | സംയോജിത കൃഷി യൂണിറ്റുകൾ സ്ഥാപിക്കൽ | 50 |
| | | ടിഷ്യു വാഴത്തൈ ഉൽപാദനം | 20 |
| | | തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധ വിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളുടെ ഉത്പാദനവും, വിതരണവും ഫാമുകളുടെ വികസനവും | 650 |
| ഫലവർഗ്ഗ വികസന പദ്ധതി | 2401-00-119-79 | ഫലവർഗ്ഗ നടീൽ വസ്തുക്കളുടെ ഉത്പാദനം | 200 |
| | | റെയിൻ ഷെൽട്ടർ, പോളീഹൗസുകൾ, മഴമറകൾ എന്നിവയുടെ നിർമ്മാണവും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും | 100 |
| | | പഴവർഗ്ഗ ഇനങ്ങളുടെ മാതൃസസ്യത്തോട്ടങ്ങൾ സ്ഥാപിക്കൽ | 20 |
| | | അൾട്രാ ഹൈ ഡെൻസിറ്റി മാവിൻ തോട്ടങ്ങൾ സ്ഥാപിക്കൽ | 30 |
| നാളികേര വികസന കൗൺസിൽ പദ്ധതി | 2401-00-103-87 | വിത്തുതേങ്ങ സംഭരണവും നഴ്സറി പ്രവർത്തനങ്ങളും | 1730 |

സെക്ഷൻ ഓഫീസർ